# Empanelment of agencies for the distribution of assistive devices in Kudumbashree Buds institutions

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന ആരംഭിച്ച പ്രവർത്തനമാണ് ബഡ്സ് സ്ഥാപനങ്ങൾ (Intellectual Disability , cerebral palsy , Autism Spectrum Disorder , Multiple Disability ) . 5 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ളവരുടെ വിദ്യാഭ്യാസം ലക്ഷ്യമിട്ട് ബഡ്സ് സ്കൂളുകളും 18 വയസ്സിനു മുകളിലുള്ളവരുടെ പകൽ പരിപാലനവും പുനരധിവാസവും ലക്ഷ്യമിട്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു.തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ പഞ്ചായത്തിലാണ് ആദ്യത്തെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചത് . നിലവിൽ സംസ്ഥാനമൊട്ടാകെ 167 ബഡ്സ് സ്കൂളുകളും 192 ബി.ആർ.സി കളിലുമായി 11642 പേർക് വിവിധങ്ങളായ സേവനങ്ങൾ ലഭ്യമാക്കി വരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടാണ് കുടുംബശ്രീ പ്രവർത്തിച്ചു വരുന്നത് .

ബഡ്സ് സ്ഥാപനങ്ങൾ സജ്ജീകരിക്കുന്നതിന് ഉള്ള ഉപകരണങ്ങളുടെ ലിസ്റ്റ് 15 -03 -2024 തീയ്യതിയിലെ സ .ഉ .(കൈ )നം 41/ 2024 / ത സ്വഭവ നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിലുള്ള ബഡ്സ് സ്ഥാപനങ്ങൾ പൂർണ പ്രവർത്തന സജ്ജമാക്കുന്നതിനും വിവിധ തരത്തിലുള്ള തെറാപ്പ്യൂട്ടിക് ഉപകരണങ്ങൾ , സൗകര്യങ്ങൾ ബഡ്സ് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ഉണ്ടാകേണ്ടതുണ്ട് .ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കാൻ സാധിക്കുന്ന സ്റ്റാർട്ടപ്പുകളെ കണ്ടത്തേണ്ടതുണ്ട്.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക് വിവിധ തരത്തിലുള്ള പഠനോപകരണങ്ങൾ , തെറാപ്പ്യൂട്ടിക് ഉപകരണങ്ങൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ ഒരുക്കുന്നതിനും ഇത് വഴി സാധിക്കും .